## പശ്ചിമഘട്ട രക്ഷായാത്ര

# മരങ്ങളെ കെട്ടിപ്പിടിച്ചത് ജനങ്ങളുടെ സമരവീര്യം

പശ്ചിമഘട്ടയാത്രയുടെ തെക്കൻ മേഖലാ കോ-ഓർഡിനേറ്ററായിരുന്ന എ. മോഹൻകുമാറാണ് ചിപ്കോ സമരനായകൻ സുന്ദർലാൽ ബഹുഗുണയെ ക്കൊണ്ട് യാത്ര ഉദ്ഘാടനം ചെയ്യിക്കാമെന്ന നിർദ്ദേശം മുന്നോട്ടുവച്ചത്. വടക്കൻ മേഖലയിലെ യാത്രികർ, ചിപ്കോയുടെ സന്ദേശം യാത്രയിൽ ഉയർത്തിപ്പിടിക്കണമെന്ന അഭിപ്രായത്തോട് വിയോജിച്ചില്ല. എന്നാൽ അവർ വടക്കൻ മേഖലാ യാത്രയുടെ ഉദ്ഘാടനത്തിന് ചിപ്കോയുടെ യഥാർത്ഥസമര നായകൻ ചണ്ഡിപ്രസാദ് ഭട്ടിനെയാണ് ക്ഷണിച്ചത്. കേരളത്തിന് വെളിയിൽ ഭട്ട് പരിചിതനാണ്. എന്നാൽ കേരളത്തിലുള്ളവർ എന്തുകൊണ്ടാണ് ചിപ്കോയെ അറിഞ്ഞിട്ടും ഭട്ടിനെ അറിയാതെ പോയത്. പശ്ചിമഘട്ടയാത്രയുടെ സമയത്തുണ്ടായ ഈ അനുഭവമാണ് ഇപ്പോൾ രജതജൂബിലി ദിനത്തിൽ (നവംബർ 1) അദ്ദേഹത്തെ കേരളത്തിലേക്ക് ക്ഷണിക്കാൻ കാരണമായത്. ചണ്ഡിപ്രസാദ് ഭട്ട് സംസാരിക്കുന്നു.

ചണ്ഡിപ്രസാദ് ഭട്ട് / ഷീൻ അഗസ്റ്റിൻ, സുരേഷ് നാരായണൻ

**മാതാപിതാക്കൾ, ബാല്യം, കുടുംബം ?**

ഉത്തർഖണ്ഡിൽ ഗംഗ ഉത്ഭവിക്കുന്നത് അളകനന്ദ, ഭാഗീരഥി നദികളായാണ്. അതിൽ അളകനന്ദയുടെ മുകൾഭാഗത്തുള്ള ചെറിയ ഗ്രാമമാണ് ഗോപേശ്വരി. തീരെ ചെറുപ്രായത്തിൽ തന്നെ അച്ഛൻ മരിച്ചുപോയി. അമ്മയുടെ കൂടെയായിരുന്നു പിന്നത്തെ ജീവിതം. പഠനത്തോടൊപ്പം വീട്ടിലെ ജോലികളിൽ അമ്മയെ സഹായിച്ചു. കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു ബാല്യം. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞശേഷം ചെറിയ ചെറിയ ജോലികൾ ചെയ്യാൻ തുടങ്ങി. ആദ്യം ഒരു ഹൈസ്കൂളിൽ കുറച്ചുകാലം അധ്യാപകനായി ജോലിനോക്കി. അതിനുശേഷം ഒരു മോട്ടോർ കമ്പനിയിലും.

**പൊതുരംഗത്ത് എത്താനിടയായ സാഹചര്യം ?**

മോട്ടോർ കമ്പനിയിൽ ജോലിചെയ്യുന്ന സമയത്താണ് ജയപ്രകാശ് നാരായണൻ, വിനോബ ഭാവേ എന്നിവരെക്കുറിച്ച് ഭൂദാൻ പ്രസ്ഥാനത്തിന്റെ ഭാഗമായി അറിയുന്നത്. അവർ ഞങ്ങളുടെ പ്രദേശത്ത് പല സ്ഥലങ്ങളിലും യോഗങ്ങൾ സംഘടിപ്പിച്ചു. ആ യോഗങ്ങളിൽ പ്രധാനമായും പറഞ്ഞത്, "സൂര്യൻ എങ്ങനെയാണോ ജനങ്ങൾക്കെല്ലാം ലഭിക്കുന്നത്, അങ്ങനെതന്നെയാണ് പ്രകൃതിയും പ്രകൃതിവിഭവങ്ങളും ലഭിക്കേണ്ടത്" എന്നായിരുന്നു. "അത് പ്രകൃതിനിയമമാണ്. എന്നാൽ, ഇന്ന് ചിലർക്ക് കുറെയധികം ഭൂമിയും ചിലർക്ക് കുറച്ചുഭൂമിയും. അത് പ്രകൃതിനിയമത്തിന് വിരുദ്ധമാണ്." ഞങ്ങൾ ചെറുപ്പക്കാർ ഈ ആശയങ്ങളിൽ ആകൃഷ്ടരായി സർവ്വോദയ പ്രസ്ഥാനത്തിൽ ചേർന്നു. രണ്ട് വർഷത്തിനകം ജോലി ഉപേക്ഷിച്ച്, ഞാൻ ഉത്തരാഖണ്ഡിലും ഇന്ത്യയിലെ ഇതര പ്രദേശങ്ങളിലും ഭൂദാൻ പ്രസ്ഥാനത്തിന്റെ ഭാഗമായി യാത്രചെയ്തു. ഉത്തരാഖണ്ഡിന്റെ ഒരു ഭാഗം ചൈന അതിർത്തിയും നേപ്പാളുമായിരുന്നു. ഒരുഭാഗത്ത് ഹിമാചൽപ്രദേശും. അഞ്ച് വർഷത്തോളം ഉ

ത്തരാഖണ്ഡായിരുന്നു പ്രധാനമായും ഞങ്ങളുടെ പ്രവർത്തനമേഖല. ഉത്തരഖണ്ഡിലെ മുഴുവൻ സർവ്വോദയ പ്രവർത്തനങ്ങൾക്കും വേണ്ടി അർപ്പിക്കപ്പെട്ട ആളായിരുന്നു ഞാൻ. നേപ്പാൾ അതിർത്തിയിലെ പിത്തോറ മുതൽ ഇപ്പുറം ഹിമാചലിന്റെ അതിർത്തിവരെ യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. ഭൂദാൻ പ്രസ്ഥാനം നന്നായി വിജയിച്ചില്ലെങ്കിൽപോലും ഞങ്ങൾക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള അവസരമായിരുന്നു അത്. ഈ യാത്രകളിൽ കൂടുതലും സ്ത്രീകൾ തങ്ങളുടെ വ്യഥകൾ ഞങ്ങളോട് പറഞ്ഞിരുന്നു. പ്രത്യേകിച്ചും ആണുങ്ങളുടെ മദ്യപാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ. 1966 ൽ കേദാർനാഥിലേക്കുള്ള വഴിയിൽ ചന്ദ്രാപുരിയിൽ (ഇപ്പോൾ ഈ സ്ഥലം മറ്റൊരു ജില്ലയുടെ പേരിലാണ് അറിയപ്പെടുന്നത്.) ഒരു മദ്യഷാപ്പുണ്ടായിരുന്നു. അത് ജനങ്ങളെ കൂട്ടി പിക്കറ്റ് ചെയ്തു. ഉത്തർഖണ്ഡ് സർക്കാരിന് അത് പൂട്ടേണ്ടിവന്നു. ഇത്തരത്തിൽ ഒട്ടനവധി മദ്യഷാപ്പുകൾ അടയ്ക്കാനുള്ള പ്രക്ഷോഭങ്ങൾ നടത്തി. പങ്കെടുത്തിരുന്നവർ കൂടുതലും സ്ത്രീകളായിരുന്നു. ഷാപ്പുകൾ വളരെയധികം അടപ്പിക്കാനും കഴിഞ്ഞു.

**ഗ്രാമീണ ജനതയുടെ പൊതുവായ അവസ്ഥ എന്തായിരുന്നു?**

ഞങ്ങളുടെ പ്രദേശത്ത് 1815 ഓടുകൂടി ഇംഗ്ലീഷുകാർ എത്തിയിരുന്നു. അക്കാലത്ത് വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്ന റോഡുകൾ ഉണ്ടായിരുന്നില്ല. നദീതീരത്തുകൂടിയായിരുന്നു വഴികൾ. നദി മുറിച്ച് കടന്നിരുന്നത് ചങ്ങാടങ്ങൾ ഉപയോഗിച്ചായിരുന്നു. ചങ്ങാടങ്ങൾ ഉണ്ടാക്കാൻ മാത്രമേ മരങ്ങൾ മുറിച്ചിരുന്നുള്ളൂ. ബ്രിട്ടീഷുകാർ വന്നതോടെയാണ് വനനശീകരണം ആരംഭിച്ചത്. അവർ ചെറിയ പട്ടണങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയതോടെ മരങ്ങളുടെ ആവശ്യം വർദ്ധിച്ചു. നിയമപ്രകാരവും അല്ലാതെയും മരങ്ങൾ മുറിച്ചു. വളരെ പെട്ടെന്നുതന്നെ ജനങ്ങളുടെ ജീവിതം കഷ്ടപ്പാടിലായി. അതോടൊപ്പമാണ് ചാരായത്തിന്റെ വരവ്. പഠനകാര്യങ്ങളിലും ബുദ്ധിമുട്ടുകളായിരുന്നു. പത്തും ഇരുപതും കി.മീ. നടന്നുപോയി വേണ്ടിയിരുന്നു പഠിക്കാൻ. ഞങ്ങളുടെ ചെറിയ ഗ്രാമങ്ങളിലെ കുട്ടികൾക്കും പഠിക്കേണ്ടേ? അവർക്ക് പ്രൈമറി സ്കൂളെങ്കിലും കിട്ടേണ്ടത് ആവശ്യമായിരുന്നു. ഗ്രാമങ്ങളിലെ വിദൂരപ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് കുട്ടികളെ പഠിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മരം, വെള്ളം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ടതായിരുന്നു അന്നത്തെ പ്രശ്നങ്ങൾ.

**എന്തെല്ലാമായിരുന്നു പ്രധാന പ്രവർത്തനങ്ങൾ ?**

പുതിയ റോഡുകൾക്കും കെട്ടിടനിർമ്മാണത്തിന് സ്ഥലമൊരുക്കുന്നതിനുമായി സർക്കാർ സ്വകാര്യ കരാറുകാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. തദ്ദേശീയരായ തൊഴിലാളികളുടെ കാര്യം കഷ്ടമായിരുന്നു. ഞങ്ങൾ പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനുള്ള ശ്രമങ്ങൾ നടത്തി. എഴുതാനും വായിക്കാനും അറിയാവുന്നവർ ചേർന്ന് മല്ലാ നാഗ്പൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് തൊഴിൽ ആവശ്യപ്പെട്ടു. വരുമാനം സൊസൈറ്റിയിലേക്കാണ് വന്നിരുന്നത്. അത് തുല്യമായി ഓഫീസ് ജോലിക്കാരുടെയും തൊഴിലാളികളുടെയും ഇടയിൽ സഹവർത്തിത്വത്തോടെ വീതിച്ചിരുന്നു. റോഡുണ്ടാക്കുന്ന പണി, ബിൽഡിംഗുണ്ടാക്കുന്നത് എല്ലാം ഞങ്ങൾ ഏറ്റെടുത്തു. നൂറുകണക്കിനാളുകൾ ഇവയിൽ പങ്കെടുത്തു. ഇവയൊക്കെ താൽക്കാലികജോലികളായിരുന്നു. പാറ പൊട്ടിക്കുക, റോഡ് ഉണ്ടാക്കുക. അതുകഴിഞ്ഞാൽ ജോലി ഉണ്ടാകില്ല. അങ്ങനെ ഖാദി ഗ്രാമോദ്യോഗ് പോലുള്ളവ ആലോചിച്ചു. സ്ഥിരമായി തൊഴിൽ ലഭിക്കുന്നവ. വിദ്യാഭ്യാസമുള്ള കുറച്ചുപേർ ഉണ്ടായിരുന്നു. അവരെ ഇതിനുവേണ്ടി പരിശീലിപ്പിച്ചു. പരിശീലനത്തിനുശേഷം പല സ്ഥലത്തും യൂണിറ്റുകൾ ഉണ്ടാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. തൊഴിലുകൾ സൃഷ്ടിക്കുന്നതിൽ ഒരു പരിധിവരെ ഞങ്ങൾ വിജയിച്ചു. യഥാർത്ഥപ്രശ്നം സർക്കാരിന്റെ നയങ്ങളായിരുന്നു. വലിയ വലിയ ഉദ്യോഗങ്ങളെയാണ് സർക്കാർ പ്രോത്സാഹിപ്പിച്ചിരുന്നത്. ഗ്രാമങ്ങളിലെ ചെറിയ തൊഴിലുകളേക്കുറിച്ച് ആലോചിച്ചിരുന്നില്ല. ഇക്കാര്യങ്ങളിൽ ജനങ്ങളെ മനസ്സിലാക്കിക്കുകയും സർക്കാരിനെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. സർക്കാർ പക്ഷെ, മനസ്സിലാക്കിയില്ല.


**കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്? എന്തായിരുന്നു മാതൃക?**

പ്രധാനമായും റോഡുപണികൾ കോൺട്രാക്ട് എടുക്കൽ. അതിൽ ചെയർമാൻ ഉൾപ്പെടെ എല്ലാവരും പണിയെടുക്കുന്നു. തുല്യവേതനം എല്ലാവർക്കും ലഭിക്കുന്നു. ആശാരിപ്പണി ചെയ്യുന്ന ആളായാലും, തൊഴിലാളിയായാലും ചെയർമാനായാലും തുല്യവേതനമാണ് ലഭിക്കുക. ഇതോടൊപ്പം സാമൂഹികമായ പ്രവർത്തനങ്ങളും നടത്തിയിരുന്നു. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക, പ്രാർത്ഥന, സംഗീതം എന്നിങ്ങനെ. അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതു കൂടി ലക്ഷ്യമാക്കിയിരുന്നു. ഗാന്ധിജിയുടെ ഒരു പ്രാർത്ഥനയുണ്ടായിരുന്നു "മനസ്സ് എവിടെ പ്രവർത്തിക്കുന്നുവോ, അവിടെ മസ്തിഷ്കം ഉയർന്നുനില്ക്കും." എന്ന് രവീന്ദ്രനാഥടാഗോർ പറഞ്ഞിട്ടുണ്ട്. ഈ പ്രാർത്ഥനകൾ 1960 കൾ മുതൽ ഇന്നുവരെയുള്ള പ്രവർത്തനങ്ങളിൽ ഉപയോഗിക്കാറുണ്ട്. ഇക്കോ ഡെവലപ്മെന്റിന്റെ ഇക്കാലത്തും ഞങ്ങൾ വിചാരിക്കുന്നു: "ത്യാഗത്തിന്റെയും പ്രേമത്തിന്റെയും വഴികളിൽ സഞ്ചരിക്കുന്നതിനാൽ ആരെങ്കിലും തോല്പിക്കപ്പെട്ടിട്ടുണ്ടോ?

**'ചിപ്കോ' സമരത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ?**

ഗ്രാമവാസികൾ ഭൂരിഭാഗവും വനത്തെയും കൃഷിയെയും ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. വീടുകൾക്ക് വാതിലും ജനലും വയ്ക്കാനുള്ള തടിപോലും കിട്ടിയിരുന്നില്ല. മരങ്ങൾ മുഴുവൻ കോൺട്രാക്ടർമാരാണ് കൊണ്ടുപോയിരുന്നത്. നിങ്ങൾക്കല്ല അവകാശം എന്നാണ് സർക്കാർ ഗ്രാമക്കാരോട് പറഞ്ഞിരുന്നതും. വീണുകിട്ടുന്ന മരം മാത്രം എടുക്കാം. വനനിയമങ്ങൾ ഉപയോഗിച്ചാണ് ഞങ്ങളുടെ ചെറിയ ആവശ്യങ്ങൾക്ക് തടി എടുക്കുന്നത് തടസ്സപ്പെടുത്തിയത്. ഞങ്ങൾ സർക്കാരിനോട് പറഞ്ഞു, ഗ്രാമങ്ങളിലെ ജനങ്ങൾ വനത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. യുക്തിയുക്തമായി ഉപയോഗിക്കാനും അറിയാം. മര

ങ്ങൾ ഉപയോഗിക്കാൻ ഗ്രാമീണർക്ക് അർഹതയുണ്ടെന്ന് സർക്കാരിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. ഈ സമയത്തെല്ലാം, സർക്കാരിന്റെ വർക്കിംഗ് പ്ലാൻ അനുസരിച്ച് മരംമുറി നടന്നുകൊണ്ടിരുന്നു. 1970 ൽ വലിയ മണ്ണിടിച്ചിൽ ഉണ്ടായി. റിലീഫ് പ്രവർത്തനങ്ങൾക്ക് ഞങ്ങൾ ഗ്രാമങ്ങളിൽ പോയി. ജനങ്ങളോട് അന്വേഷിച്ചപ്പോൾ, മുമ്പ് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്നറിഞ്ഞു. മണ്ണിടിച്ചിലിനു കാരണം, മുകൾ ഭാഗത്ത് മരങ്ങൾ മുറിച്ചുനീക്കിക്കൊണ്ടിരിക്കുന്നതാണ്. എവിടെയൊക്കെ മരങ്ങൾ മുറിച്ചിട്ടുണ്ടോ, അവിടെയെല്ലാം അതിവൃഷ്ടിക്കുശേഷം മണ്ണിടിച്ചിൽ ഉണ്ടായെന്ന് അവർ പറഞ്ഞു. അളകനന്ദയിൽ ബദരീനാഥ് മുതൽ 25 കി.മീറ്ററോളം മണ്ണൊലിപ്പുമൂലം ചെളി നിറഞ്ഞു. ഹരിദ്വാറിൽ, അളകനന്ദ ഗംഗയിൽ ചേരുന്നിടത്തും ഉത്തർപ്രദേശിന്റെ പടിഞ്ഞാറേ ഭാഗങ്ങളിലും ചെളി നിറഞ്ഞു. എപ്പോഴൊക്കെ മരങ്ങൾ മുറിക്കുന്നുവോ, അപ്പോഴൊക്കെ അളകനന്ദ മോശമാകുമെന്ന് ഞങ്ങൾക്ക് മനസ്സിലായി. അങ്ങനെയാണ് അടുത്ത തവണ മുതൽ മരംമുറിക്കാൻ സമ്മതിക്കില്ലെന്ന് ഞങ്ങൾ തീരുമാനിച്ചത്. ഞങ്ങൾ കേന്ദ്രസർക്കാരിന്, ഈ പ്രകൃതിക്ഷോഭങ്ങൾ സ്വാഭാവികമാണോ, മനുഷ്യനിർമ്മിതമാണോ എന്ന് വിലയിരുത്തണമെന്നാവശ്യപ്പെട്ട് നിവേദനം നൽകി. അതിനായി ഒരു കമ്മറ്റിയെ സർക്കാർ നിയമിച്ചു. ഈ കമ്മറ്റി എന്ത് റിപ്പോർട്ട് നൽകിയെന്നറിയില്ല.


ചണ്ഡിപ്രസാദ് ഭട്ട്

1970 ൽ എവിടെയെല്ലാം വെള്ളപ്പൊക്കം ഉണ്ടായോ, അവിടെയെല്ലാം വീണ്ടും മരം മുറിക്കുന്നതിന് 1973 ൽ സർക്കാർ അനുമതി കൊടുത്തു. ഞങ്ങൾ ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് ജനങ്ങളെ സംഘടിപ്പിച്ചു. ഗ്രാമങ്ങളിലെ ആളുകളെ കണ്ട്, ഗോവിന്ദസിംഗ് റാവത്തിനെപ്പോലുള്ളവരെ അണിനിരത്തി. ഇവരെയെല്ലാം കൂട്ടി ജനങ്ങളെ ബോധവത്കരിക്കാൻ ശ്രമിച്ചു. ഇനിയും മരംമുറിച്ചാൽ, മണ്ണിടിച്ചിലും വെള്ളപ്പൊക്കവും അനുഭവിക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകി. 'അംഗൽവാതാ' (ഗഢ്‌വാളി ഭാഷയിൽ) സമരം അതായത് മരങ്ങളെ കെട്ടിപ്പിടിക്കുന്ന സമരം എന്റേതല്ല, ജനങ്ങളുടേതാണ്. ജനങ്ങളുടെ ഇടയിൽനിന്ന് ഒട്ടേറെപ്പേർ നേതൃത്വത്തിലേക്ക് എത്തി. ചിപ്കോ ഹിന്ദി വാക്കാണ്. ഒട്ടിപ്പിടിക്കുക എന്നാണ് ഇതിനർത്ഥം. ചിപ്കോയ്ക്ക് മുൻപുതന്നെ ഞങ്ങളുടെ ഗ്രാമത്തിൽ മരങ്ങളെ കെട്ടിപ്പിടിക്കുന്ന ചെറിയ സമരങ്ങൾ തുടങ്ങിയിരുന്നു. അവിടെ സമരം ചെയ്യുമ്പോൾ, വലിച്ചുമാറ്റാൻ ശ്രമിച്ചവരോട് ഞങ്ങൾ പറഞ്ഞു, 'നിങ്ങളുടെ മഴുവിന് കരുത്തുണ്ടെങ്കിൽ, ഞങ്ങളെ മുറിച്ചശേഷം മാത്രമേ മരം മുറിക്കാൻ കഴിയൂ'. എന്നാൽ, ഞങ്ങൾ ഒരു ക്രമസമാധാനപ്രശ്നവും ഉണ്ടാക്കിയില്ല. ഈ അനുഭവം വച്ച് ഞങ്ങൾ ഗ്രാമീണരോട് പറഞ്ഞു: ഞങ്ങളുടെ ഗ്രാമത്തിൽ ഇങ്ങനെ ഒരു സമരം നടന്നിട്ടുണ്ട്. അത് ഇവിടെയും നമുക്ക് സ്വീകരിക്കാം. ഗ്രാമവാസികൾ ഞങ്ങളുടെ ആശയങ്ങൾ മനസ്സിലാക്കി. മരം വെട്ടുന്നവർ ഞങ്ങളോട് സംസാരിക്കാൻ വന്നു. അതേ സമയം തന്നെ, അവർ തങ്ങളുടെ തൊഴിലാളികളെ വനത്തിലേക്ക് ഒളിച്ചുകടത്തി, മരം മുറിച്ചു. ഈ സാധ്യത ഗ്രാമവാസികൾക്ക് അറിയാമായിരുന്നു. സംഘടിച്ചിരുന്ന 27 ആളുകളും ചേർന്ന് മരം വെട്ടുകാരെ തടഞ്ഞു. കാട് ഞങ്ങളുടെ അമ്മവീടാണെന്നും, കാട്ടിൽ നിന്നാണ് ഞങ്ങൾക്ക് എല്ലാം കിട്ടുന്നതെന്നും മരം മുറിക്കുന്നവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. മരം മുറി തുടർന്നാൽ കൃഷി നശിക്കും, വെള്ളപ്പൊക്കമുണ്ടാകും. ആദ്യമൊന്നും അവർ ചെവികൊണ്ടില്ല. അതിനാൽ ഞങ്ങൾ മുറിക്കാൻ പോകുന്ന മരങ്ങൾ കെട്ടിപ്പിടിച്ചുനിന്നു. 6-7 മണിക്കൂർ നിന്നതിനുശേഷം, മരം മുറിക്കാൻ വന്ന തൊഴിലാളികൾ മടങ്ങിപ്പോയി.

ഇതേ സമയത്തുതന്നെ, ജോഷി മഠത്തിനടുത്തുള്ള റെനി ഗ്രാമത്തിലെ മഹിളാമണ്ഡൽ അക്ഷയ ഗൗരാദേവിയുടെ നേതൃത്വത്തിൽ അവിടത്തെ വനത്തിലെ മരം മുറി തടഞ്ഞു. അവിടെനിന്ന് ഒരാളെ എന്റെയടുത്തേക്ക് പറഞ്ഞയച്ചു. വിവരമറിഞ്ഞ്, ഗ്രാമവാസികളെയും കൂട്ടി ഞങ്ങൾ അവിടെയെത്തി. ഒരു മാസത്തോളം അവിടെ ഇത്തരത്തിൽ സമരം നടന്നു. ഒരുമാസം തുടർച്ചയായി മൂന്നു ദിവസത്തിൽ ഒരിക്കലെങ്കിലും സമരം ചെയ്യേണ്ടിവന്നു. തുടർന്ന് യു.പി.സർക്കാർ ഒരു കമ്മറ്റി രൂപീകരിച്ചു. ഞാനും ഗോവിന്ദ്സിംഗ് റാവത്ത്ജിയും സമരക്കാരെ പ്രതിനിധാനം ചെയ്ത് ആ കമ്മറ്റിയിൽ ഉണ്ടായിരുന്നു. അന്നത്തെ ശാസ്ത്രം പഠിച്ചവരും 'ഹിമാലയഭൂമി വളരെ ദുർബ്ബലമാണ്, അതിനാൽ അളകനന്ദയുടെ തീരത്തുള്ള ഒരൊറ്റ വനത്തിലും 10 വർഷത്തേക്ക് മരം മുറിക്കരുതെന്ന് വാദിച്ചു. സർക്കാരിലും നല്ല ആളുകൾ ഉണ്ടായിരുന്നതുകൊണ്ട് അത് നടപ്പിലായി. ഇത് പത്രമാധ്യമങ്ങളിൽ വാർത്തയായി.

അതിനുശേഷം, ഉത്തരാഖണ്ഡിലെ എല്ലാ ഗ്രാമങ്ങളിലും ഈ ആന്ദോളനിൽ അക്ഷരാഭ്യാസമില്ലാത്തവർ കൂടി വളരെ സജീവമായി പങ്കെടുത്തു.

**മരത്തിൽ കെട്ടിപ്പിടിച്ച് സമരം ചെയ്യുകയെന്ന ആശയം എവിടെനിന്നാണ് വന്നത്?**

വനത്തിന്റെ കാര്യത്തിൽ നിരന്തരം ഞങ്ങൾ സർക്കാരിന് അപേക്ഷകൾ അയച്ചിരുന്നു. പല സ്ഥലങ്ങളിൽ നിന്നും ആളുകൾ സമരത്തിൽ പങ്കെടുക്കാൻ വന്നു. 1971 മുതൽ രണ്ട് വർഷം കാര്യങ്ങൾ ഇങ്ങനെ നീങ്ങി. 71 നു മുമ്പും പല രീതിയിലുള്ള മാർഗ്ഗങ്ങളും സമരത്തിന് ഉപയോഗിക്കാറുണ്ടായിരുന്നു. ചില മാർഗ്ഗങ്ങൾ പരാജയപ്പെടുമ്പോൾ മറ്റു വഴികൾ കിട്ടാതെയും വന്നിട്ടുണ്ട്.

അക്കാലത്ത് ഗാന്ധി പീസ് ഫൗണ്ടേഷനിൽ അനുപം മിശ്ര എന്നൊരാൾ ഉണ്ടായിരുന്നു. എഴുതുന്ന ആളുമാണ്. ഞങ്ങൾ ഒരിക്കൽ അദ്ദേഹത്തെ കാണാൻപോയി. സർക്കാർ നയങ്ങൾ ഞങ്ങളെ എങ്ങനെ ദ്രോഹിക്കുന്നുവെന്ന് അദ്ദേഹത്തിനോട് പറഞ്ഞു. 1972 നവം. 19 ന് 'നവഭാരത് ടൈംസ്' എന്ന ദേശീയപത്രത്തിൽ ഇതിനേക്കുറിച്ച് അദ്ദേഹം ഒരു ലേഖനമെഴുതി. ഞങ്ങളുടെ പ്രശ്നങ്ങൾ ലോകത്തെ അറിയിക്കാൻ ഇത് സഹായിച്ചു. ഞങ്ങളുടെ സമരം ഉടൻ അടിച്ചമർത്തപ്പെടരുതെന്നായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അതിനുശേഷം 'ടൈംസ് ഓഫ് ഇന്ത്യ' യുടെ ലഖ്നോ പ്രതിനിധിയും ഞങ്ങളെ കാണാനെത്തി. അതും പത്രത്തിൽ വന്നു. അപ്പോഴും ചിപ്കോ എന്ന ശബ്ദം ഉണ്ടായിരുന്നില്ല. ഞങ്ങളും ഗ്രാമവാസികളുടെ പ്രതിനിധികളും 'രസോജി ഗ്രാമസ്വരാജ്' എന്ന സംഘടനയുടെ പ്രവർത്തകരും എല്ലാ മാസവും സമരപ്രവർത്തനങ്ങൾ നടത്തിയിരുന്നു. എല്ലാ രാഷ്ട്രീയപാർട്ടികളും ഇതിൽ പങ്കെടുത്തിരുന്നു. സൈമൺ ആന്റ് കമ്പനി എന്ന സ്ഥാപനത്തിനായിരുന്നു അന്ന് മരംമുറിക്കാനുള്ള കരാർ. ഞങ്ങളുടെ ചെറിയ ഗ്രാമത്തിൽ രസോജി ഗ്രാമസ്വരാജിന് മൂന്നുനാല് മുറികളുള്ള ഒരു ഓഫീസുണ്ടായിരുന്നു. അതിൽ ഒരു മുറിയിൽ കമ്പനിയുടെ പ്രതിനിധികൾ നിന്നിരുന്നു. ഞാൻ രാവിലെ ചെല്ലുമ്പോൾ കമ്പനിയുടെ പ്രതിനിധികൾ തങ്ങൾക്കുമുമ്പേ മരംമുറിക്കാൻ അനുമതി നൽകിയിരുന്നു എന്നായിരുന്നു അവരുടെ വാദം. ഞങ്ങൾ ഗ്രാമവാസികൾ എല്ലാവരും കൂടി മരം മുറിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞ് മരങ്ങളെ കെട്ടിപ്പിടിച്ചുനിന്നു.

എനിക്ക് ഒരാഗ്രഹമുണ്ടായിരുന്നു, ഈ ശബ്ദം എന്റേതല്ല, ജനങ്ങളുടേതാണെന്ന് ഉറപ്പുവരുത്തണമെന്ന്. യു.പി സർക്കാരിന്റെ ചെറുകിട വ്യവസായ ബോർഡിൽ ഞാനും അംഗമായിരുന്നു. ഇതിൽ നിന്ന് രാജിവെക്കാൻ ഞാൻ ജി.എമ്മിനെ കണ്ടു. അവിടെ കളക്ടറുണ്ടായിരുന്നു. "മരങ്ങൾ മുറിക്കാൻ അനുവദിക്കില്ല. മരം മുറിക്കാൻ അനുവദിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് രാജിവെക്കുന്നു." എന്ന കത്ത് ഞാൻ കൈമാറി. അപ്പോഴും 'അംഗൽവാതാ' എന്ന ശബ്ദം ഉയർന്നിരുന്നില്ല. കളക്ടർ ഇതുവായിച്ച് ചിരിച്ചു. പിന്നീട്, ചിരി നിർത്തി, ഗൗരവത്തിൽ എന്റെ കൈപിടിച്ച് പുറത്തേക്ക് നടന്നു. മുഖ്യമന്ത്രി, വനംമന്ത്രി, വനം കൺസർവേറ്റർ എന്നിവരെ കാണാൻ അവസരം തരാമെന്ന് പറഞ്ഞു. ആ മീറ്റിംഗിൽ ഞങ്ങളുടെ ഗ്രാമക്കാർ മാത്രമല്ല, സമീപപ്രദേശങ്ങളിലെയും സി.പി.ഐ.യിലെയും ജില്ലാ നേതൃത്വത്തിലുള്ളവരും ഉണ്ടായിരുന്നു. കഴിഞ്ഞ രണ്ടുവർഷമായി, മരം മുറിക്കാൻ വരുന്നവർക്കെതിരെ ഞങ്ങൾ സമരം ചെയ്തുകൊണ്ടിരിക്കുന്നെന്നും, ഇനി നിങ്ങളുടെയെല്ലാം സഹായം വേണമെന്നും ഞങ്ങൾ അവരോട് പറഞ്ഞു. ചിലർ പറഞ്ഞു, കാട്ടിൽ നിന്ന് വലിച്ചുപുറത്തിടാം, ബലം പ്രയോഗിച്ചു തടയാം. ഞങ്ങൾ പറഞ്ഞു, സർവ്വോദയ പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നവരും ശാന്തിയുടെ മാർഗ്ഗത്തിൽ ചരിക്കുന്നവരുമാണ് ഞങ്ങളെന്ന്, മാത്രവുമല്ല ബലപ്രയോഗത്തിന് ശ്രമിച്ചാൽ, വേഗം അടിച്ചമർത്താനും കഴിയും. ഓരോരുത്തരും ഓരോ അഭിപ്രായങ്ങൾ പറഞ്ഞു. ലോറികൾ തടയാമെന്ന് ചിലർ പറഞ്ഞു. അഞ്ചുമണിവരെ ഞങ്ങൾ സംസാരിച്ചു ഒടുവിൽ ഞങ്ങൾ അവലംബിച്ച രീതി ഞാൻ വിശദീകരിച്ചു. അത് എല്ലാവർക്കും ഇഷ്ടപ്പെട്ടു. യോഗത്തിന്റെ മിനിട്സ് തയ്യാറാക്കട്ടെയെന്ന് ഞാൻ ചോദിച്ചു. സത്യത്തിൽ, മിനിട്സ് ഞാൻ നേരത്തെ തയ്യാറാക്കിവച്ചിരുന്നു. ഒരേ മനസ്സോടെ മരങ്ങളെ കെട്ടിപ്പിടിച്ചുനിൽക്കുമെന്ന്. അത് ഞാൻ നേരത്തെ തയ്യാറാക്കിയതാണെന്ന് ആർക്കും മനസ്സിലായില്ല. എന്നാൽ, കോൺഗ്രസ്സിലെ സുരേന്ദ്രസിംഗിനുമാത്രം മനസ്സിലായി. ആ കുറിപ്പ് ഞാൻ കളക്ടർക്ക് കൊടുത്തു.

ഉത്തർപ്രദേശ് സർക്കാരിന്റെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉത്തർഖണ്ഡിന്റെ വികസനം വിഷയമാക്കി ഒരു യോഗം വിളിച്ചുകൂട്ടി. എന്നെയും യോഗത്തിന് വിളിച്ചിരുന്നു. വനംവകുപ്പ് പത്രങ്ങൾ മുഖേന വാഗ്ദാനങ്ങൾ നിരത്തിയിരുന്നു. ആ യോഗം വിജയിച്ചില്ല. വീണ്ടും മരം മുറിക്കാൻ കാട്ടിൽ തൊഴിലാളികളെത്തി, മംഗൻ എന്ന സ്ഥലത്ത് ഞങ്ങൾ നൂറുനൂറ്റമ്പത് പേർ യോഗം ചേർന്നിട്ട്, കാട്ടിലെത്തി മരങ്ങളെ കെട്ടിപ്പിടിച്ചുനിന്നു ഒരുദിവസം മുഴുവൻ. അവർ തിരിച്ചുപോയി. പിന്നീടവർ ഇതേ തൊഴിലാളികളെ കേദാർനാഥിനു നേരെ താഴെ പട്ടാറാംപൂർ ഗ്രാമത്തിലെ വസത്തിൽ മരം മുറിക്കാൻ നിയോഗിച്ചു. അവിടെ കേദാർസിംഗ് റാവത്ത് എന്ന ഞങ്ങളുടെ ഒരു പ്രവർത്തകൻ ഉണ്ടായിരുന്നു. അദ്ദേഹം സമരം തുടങ്ങി. ഞാനും കുറച്ചു സ്ത്രീകളും അങ്ങോട്ടുചെന്നു. മണ്ഡലിൽ നിന്നും 60 കി.മീ ദൂരത്താണിത്. അധികാരികൾ വിചാരിച്ചത് പ്രക്ഷോഭകാരികൾ മണ്ഡലിലാണെന്നാണ്. 1974 ൽ റെയ്നിയിൽ ഞങ്ങൾ സ്ത്രീകൾ മാത്രം മരങ്ങളിൽ കെട്ടിപ്പിടിച്ച് സമരം ചെയ്തു. അങ്ങനെയാണ് സമരം തുടർന്നുവന്നത്.

എന്നാൽ 'അംഗൽവാതാ' ശബ്ദമുണ്ടായത് ആരെങ്കിലും ഒരാളിൽ നിന്നല്ല, ജനങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടെങ്കിലും, ജനങ്ങൾക്ക് തങ്ങളുടേതാണെന്ന് തോന്നിയാലേ, ഏതു സമരവും വിജയിക്കൂ. സമിതി ഉണ്ടാക്കിയത് ഞങ്ങളിൽ ചിലരാണെങ്കിലും, ശ്യാമാദേവി, ഗൗരാദേവി, ഇന്ദിരാദേവി, സാവിത്രിദേവി തുടങ്ങി ഗ്രാമീണരും സ്ത്രീകളുമായിരുന്നു പ്രസ്ഥാനത്തിൽ. ചണ്ഡീപ്രസാദിന്റെ ആശയമാണെങ്കിൽ ഇത്രയും ആളുകൾ വരില്ലായിരുന്നു. ഓരോ സ്ഥലത്തും അതാതിടങ്ങളിലെ ആളുകൾക്കായിരുന്നു സംഘാടനച്ചുമതല. അത് അവർ നിർവ്വഹിച്ചുപോന്നു.

**'അംഗൽവാതാ' സമരത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കാൻ കാരണമെന്താണ്?**

ഇത് ഞങ്ങൾ നേരിട്ടനുഭവിച്ച സംഗതിയാണ്. ഗ്രാമവാസികൾക്കും ആദിവാസികൾക്കും ഇടയിൽ വീട്ടുകാര്യങ്ങൾ നടത്തുന്നത് സ്ത്രീകളാണ്. പുരുഷന്മാർ വീടിനുപുറത്ത് തൊഴിലിനും നാട്ടിൽ മറ്റു പ്രവർത്തനങ്ങൾക്കുമായി പോകുമ്പോൾ സ്ത്രീകളാണ് വീട്ടിലെ കാര്യങ്ങൾ നോക്കുകയും വനത്തിൽ നിന്ന് വിറക് ശേഖരിക്കുകയും ചെയ്തുപോന്നത്. അതിനാൽ സ്ത്രീകളെ മനസ്സിലാക്കിയാൽ, ഇതെല്ലാം ചെയ്യാനാകുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. വനം നഷ്ടമായാൽ കാലിത്തീറ്റ, ജലത്തിന്റെ ലഭ്യത ഇവയൊക്കെ നഷ്ടമാകും. അങ്ങനെ ഈ സ്ത്രീകളുടെ മനസ്സിലേക്ക് ഈ ആശയങ്ങൾ എത്തിച്ചു. സ്ത്രീകൾ പ്രസ്ഥാനത്തിലേക്ക് കൂടുതലായി എത്തി. ഇന്നും പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരിൽ 60% ൽ കൂടുതലും സ്ത്രീകളാണ്.



> ചിപ്കോയ്ക്ക് മുൻപുതന്നെ ഞങ്ങളുടെ ഗ്രാമത്തിൽ മരങ്ങളെ കെട്ടിപ്പിടിക്കുന്ന ചെറിയ സമരങ്ങൾ തുടങ്ങിയിരുന്നു. അവിടെ സമരം ചെയ്യുമ്പോൾ, വലിച്ചുമാറ്റാൻ ശ്രമിച്ചവരോട് ഞങ്ങൾ പറഞ്ഞു, 'നിങ്ങളുടെ മഴുവിന് കരുത്തുണ്ടെങ്കിൽ, ഞങ്ങളെ മുറിച്ചശേഷം മാത്രമേ മരം മുറിക്കാൻ കഴിയൂ'.

**ഗ്രാമവാസികൾക്കും മരം മുറിക്കുന്ന തൊഴിലാളികൾക്കുമിടയിൽ ആയിരുന്നല്ലോ 1970 കളിൽ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. വനം സംരക്ഷിക്കുകയാണ് വേണ്ടതെന്നും മരങ്ങൾ മുറിക്കരുതെന്നും എങ്ങനെ ബോധ്യപ്പെടുത്താൻ സാധിച്ചു?**

പശു കുത്താൻ വന്നാൽ, ഒന്നോ രണ്ടോ പ്രാവശ്യം കഴിഞ്ഞാൽ, കുട്ടികൾ തന്നെ പശു കുത്തുമെന്ന് മനസ്സിലാക്കും. അതുപോലെ അപകടം മുന്നിൽ വന്നപ്പോൾ ഈ തൊഴിലാളികൾ മുഴുവൻ പരിവർത്തനം ചെയ്യപ്പെട്ടു.

**സമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ ഉണ്ടായില്ലേ?**

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആന്ദോളനെ നേരിടാൻ ശ്രമങ്ങളുണ്ടായി. എന്നാൽ, ആദ്യം എതിർത്തവരും പിന്നീട് ഞങ്ങളോടൊപ്പം വന്നു. മറ്റു ശ്രമങ്ങളെയൊക്കെ ജനങ്ങളുടെ പ്രാർത്ഥനയുടെ ശക്തികൊണ്ട് ഞങ്ങൾ തരണം ചെയ്തു. ക്രമസമാധാനപ്രശ്നം എന്ന നിലയിൽ അടിച്ചമർത്താൻ നീക്കമുണ്ടായി. എന്നാൽ, സമാധാനപരമായ സമരമാണെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടുത്താനായി. അതിനിടെ സർക്കാർ പലവിധ ദുഷ്പ്രചരണങ്ങൾ നടത്തിയിരുന്നു. പുറത്തുള്ളവർക്ക് ഈ പ്രചാരണങ്ങൾ ഏറ്റെന്നു വരാം. എന്നാൽ ഞങ്ങൾ പ്രവർത്തിച്ചിരുന്നവർക്ക് ഞങ്ങളുടെ പ്രവർത്തനങ്ങളേക്കുറിച്ച് അറിയാവുന്നതുകൊണ്ട് അതിനെ അതിജീവിക്കാനായി.

**ചിപ്കോയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ ?**

സമരങ്ങൾ തുടർന്നുകൊണ്ടിരിക്കേ, സ്ത്രീകളെയും യുവജനങ്ങളേയും സംഘടിപ്പിച്ച് ക്യാമ്പുകളും ബോധവത്കരണ പരിപാടികളും പുതിയ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കലും നടത്തി. അത് ഇപ്പോഴും ഉത്തർഖണ്ഡിൽ നടന്നുവരുന്നു. വൃക്ഷങ്ങളില്ലാത്ത ഇടങ്ങളിൽ പുതിയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ ചിപ്കോ ഏറ്റെടുക്കുന്ന ഒരു പ്രധാന പരിപാടിയാണ്. തൈകൾ എവിടെനിന്ന് കൊണ്ടുവരണം എങ്ങനെ സംരക്ഷിക്കണം എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കാനും നടപ്പാക്കാനുമായി കൂട്ടായ്മകൾ ഉണ്ടാക്കി. ഈ പ്രവർത്തനങ്ങൾക്കെല്ലാം മുന്നിട്ടുനിൽക്കുന്നത് സ്ത്രീകളാണ്. വെള്ളത്തിന്റെ സ്രോതസ്സ് വനമാണ്. മരങ്ങളില്ലായിരുന്നെങ്കിൽ, അവിടെ വീഴുന്ന വെള്ളം താഴെവരെ എത്തുമായിരുന്നു. വെള്ളം ആകാശത്തുനിന്ന് വീഴുമ്പോൾ, ഇലകളിലും തടിയിലും താഴെവീണ് ഇലകളും വേരും നിറഞ്ഞ് സ്പോഞ്ച് പോലെയുള്ള മണ്ണ് അത് പിടിച്ചുനിർത്തുന്നു. വെള്ളവും വനവും തമ്മിലുള്ള ഗാഢമായ ബന്ധത്തേക്കുറിച്ചുള്ള ചർച്ചകൾ ഈ കൂട്ടായ്മകളിൽ നടക്കുന്നു. പെയ്യുന്ന വെള്ളത്തെ കാട് എങ്ങനെ തടയുന്നു, എന്നിട്ട് എങ്ങനെ പുഴയിലേക്ക് എത്തുന്നു എന്നും അതിനാൽ കാട് വച്ചുപിടിപ്പിക്കേണ്ട ആവശ്യകത അവർക്ക് ബോധ്യപ്പെട്ടു. ഇപ്പോഴും മിക്കവാറും ഗ്രാമങ്ങളിൽ വലിയതോതിലല്ലെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ ഗ്രാമങ്ങളിൽ ഡോ. മാധവ് ഗാഡ്ഗിൽ കുടുംബസമേതം രണ്ടുപ്രാവശ്യം വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ശാസ്ത്രീയ ജ്ഞാനം ഞങ്ങൾക്കും ഞങ്ങളുടെ അനുഭവജ്ഞാനം അദ്ദേഹത്തിനും കൈമാറുകയുണ്ടായി. അദ്ദേഹം മാത്രമല്ല, മറ്റുപലരും ഇക്കാര്യങ്ങളേക്കുറിച്ച് അറിയാനും പഠിക്കാനും ഇവിടെ വരാറുണ്ട്. അനുഭവജ്ഞാനം പകരാൻ ഗ്രാമവാസികൾ എപ്പോഴും തയ്യാറാണ്.

**പശ്ചിമഘട്ടയാത്രയുടെ അനുഭവം എങ്ങനെയായിരുന്നു?**

കേരളത്തിലെ ജൈവവൈവിധ്യത്തേക്കുറിച്ചുള്ള അറിവ് തങ്ങളെ വളരെ സഹായിച്ചു. സൈലന്റ്‌വാലി പ്രക്ഷോഭവും ചിപ്കോയും ഒരേകാലത്താണ് ഉണ്ടായതെങ്കിലും, പരസ്പരം സ്വാധീനിക്കുകയുണ്ടായി. സൈലന്റ്‌വാലി പ്രക്ഷോഭം ഉണ്ടായില്ലെങ്കിൽ, തങ്ങളുടെ പ്രസ്ഥാനം ഇതെ വിധത്തിലാവില്ലായിരുന്നു.